# DEPARTMENT OF CATECHESIS

*Archdiocese of Ernakulam - Angamaly*

***Renewal Centre, Kaloor, Kochi - 17, Ph: 0484 – 2346628***

***E-mail:catechismernakulam@gmail.com, Website: www.catechismernakulam.com***


പ്രിയ ബഹു. അച്ചാ/ ഹെഡ്മാസ്റ്റർ / ഹെഡ്മിസ്ട്രസ്,

## ഡിപ്ലോമ (Std. XI-XII/ 2013–2015)പരീക്ഷാ ഫലങ്ങൾ

2015 ജനുവരി 26–ാം തിയതി നടത്തിയ മതബോധന ഡിപ്ലോമ (Std. XII) പരീക്ഷാ ഫലങ്ങൾ പ്രസിദ്ധപ്പെടുത്തുന്നു. എ+ നേടിയ കുട്ടികളുടെ ലിസ്റ്റാണ് ഇതോടൊപ്പം ചേർത്തിരിക്കുന്നത്. പരീക്ഷയിൽ സംബന്ധിച്ച ഓരോരുത്തരുടെയും വിശദമായ മാർക്കും വിവരങ്ങളും അറിയാൻ കാറ്റി കോർപ്പ് പാരീഷ് ലോഗിൻ തുറന്ന് add exam details std XII പരിശോധിക്കുക.

ഡിപ്ലോമ കോഴ്സ് രണ്ടുവർഷത്തെ പഠന പരിപാടിയാണല്ലോ.

1. ഇതിലേക്ക് പ്രവേശിക്കാൻ വേണ്ട അടിസ്ഥാന യോഗ്യത പത്താം ക്ലാസ് (മതബോധന സർട്ടിഫിക്കറ്റു പരീക്ഷ) പാസാകുക എന്നതാണ്. അങ്ങിനെ അല്ലാത്തവർ കോഴ്സിൽ സംബന്ധിച്ചാലും റിസൽട്ട് ഇൻകംപ്ലീറ്റ് എന്നേ കാണൂ.
2. കോഴ്സിന് 60% ഹാജർ ആവശ്യമാണ്. ഇത് ഇല്ലാതിരുന്നതിനാൽ റിസൽട്ട് ഇൻകംപ്ലീറ്റ് എന്നേ കാണൂ. ജയിക്കാൻ മാർക്കുണ്ടായിട്ടും ഹാജർ ആവശ്യത്തിന് ഇല്ലാതിരുന്നതിനാൽ റിസൽട്ട് കംപ്ലീറ്റല്ലാത്ത കുട്ടികൾ പുനഃപരീക്ഷ എഴുതരുത്. അവരുടെ ഹാജറിന്റെ നിലവാരമനുസരിച്ച് വീണ്ടും ക്ലാസിൽ ഇരിക്കുകയോ, അവധിക്കാലത്ത് പ്രത്യേകം ക്ലാസുകൾ നടത്തുകയോ ചെയ്യുക. ഈ കാര്യത്തിൽ എന്തുചെയ്യണം എന്ന് വികാരി അച്ചൻ തീരുമാനിക്കും. എന്നാൽ കൃത്യമായി ക്ലാസിൽ വന്ന മറ്റുകുട്ടികൾക്ക് ഉതപ്പുണ്ടാവുന്നതാവരുത് തീരുമാനങ്ങൾ. മറ്റുകുട്ടികളെപ്പോലെ ഹാജർ പൂർണമാകുമ്പോൾ (60%) വികാരി അച്ചന്റെ കത്തുമായി അതിരൂപതാകേന്ദ്രത്തിലെത്തി സർട്ടിഫിക്കറ്റ് വാങ്ങാവുന്നതാണ്.
3. നാലു കാര്യങ്ങളാണ് ഡിപ്ലോമ കോഴ്സിലുളളത്. ഡിപ്ലോമ ഒന്നാം വർഷ പരീക്ഷ(100), രണ്ടാം വർഷ പരീക്ഷ(100), സോഷ്യൽ ഔട്ട് റീച്ച് പ്രോഗ്രാം(25), അഡോപ്റ്റ് എ ഫാമിലി പ്രോഗ്രാം(25). എല്ലാത്തിനും കൂടി 225ൽ 88 മാർക്കെങ്കിലും കിട്ടുകയും (35%), 60% ഹാജർ ഉണ്ടായിരിക്കുകയും ചെയ്യുന്നവരാണ് പ്രമോട്ട് ചെയ്യപ്പെടുക. എല്ലാം കൂടി 88ൽ അധികം മാർക്ക് ഉണ്ടായിരിക്കുകയും ഏതെങ്കിലും ഒന്നിൽ പങ്കെടുക്കാതിരിക്കുകയും ചെയ്താൽ റിസൽട്ട് പൂർണമാവില്ല.

**വർഷങ്ങളായി നാം തുടരുന്ന ഈ കാര്യങ്ങൾ ഒരിക്കൽക്കൂടി ഓർമിപ്പിക്കുന്നു എന്നു മാത്രം. യൂണിറ്റുകളിൽ റിസൽട്ട് പരിശോധിക്കുമ്പോൾ ഇൻകംപ്ലീറ്റ് ആയി വന്നിരിക്കുന്നവർ മേൽപറഞ്ഞ ഏതു കാരണത്താലാണ് അങ്ങനെ വന്നത് എന്നു പരിശോധിക്കുകയും അത് അവരെ അറിയിക്കുകയും ചെയ്യുക. അത് പരിഹരിക്കപ്പെടുമ്പോൾ ബഹു വികാരി അച്ചന്റെ കത്തുമായി അതിരൂപതയിലെത്തി സർട്ടിഫിക്കറ്റ് വാങ്ങാവുന്നതാണ്. ഉദാഹരണമായി ഔട്ട് റീച്ച് പ്രോഗ്രാമിനു പോകാത്തകുട്ടി അടുത്തവർഷം മറ്റുകുട്ടികൾക്കൊപ്പം അതിനുപോയി റിപ്പോർട്ട് അവതരിപ്പിച്ച് കോഴ്സ് കംപ്ലീറ്റ് ചെയ്യണം.**

## പുനഃപരീക്ഷ

26–01–2015 ലെ പരീക്ഷയിൽ തോറ്റവർക്കും, പങ്കെടുക്കാൻ സാധിക്കാതിരുന്നവർക്കും വേണ്ടിയുള്ള പുനഃപരീക്ഷ 2015 മെയ് 20 ബുധനാഴ്ച രാവിലെ 10 മുതൽ 12 വരെ നടക്കും. ഒന്നാം വർഷ പരീക്ഷ ഇടപ്പള്ളി പയസ് ഗേൾസ് ഹൈസ്ക്കൂളിലും രണ്ടാം വർഷ പരീക്ഷ കലൂർ റിന്യൂവൽ സെന്ററിലും വച്ച് നടത്തപ്പെടുന്നു.

ഇതിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ബഹുമാനപ്പെട്ട **വികാരി അച്ചന്റെ കത്തോടുകൂടി 2015 ഏപ്രിൽ 30–ാം തിയതിക്കകം പേര് രജിസ്ററർചെയ്യണം. ഇതിനു ശേഷം രജിസ്ട്രേഷൻ അനുവദിക്കുന്നതല്ല.**

കഴിഞ്ഞവർഷം പരീക്ഷ എഴുതി പാസാകാത്തവർ ഈ വർഷം പരീക്ഷ എഴുതിയിട്ടുണ്ടെങ്കിൽ അവരുടെ റിസൽട്ട് exam folder ൽ Previous year record ലാണ് നോക്കേണ്ടത്.

പ്രത്യേക രജിസ്റ്റർ നമ്പറില്ലാതെ എഴുതിയിരിക്കുന്ന പേപ്പറുകളുടെ വിവരങ്ങൾ അതിരൂപത കേന്ദ്രത്തിൽ നേരിട്ട് അന്വേഷിക്കേണ്ടതാണ്.

ഭിന്നശേഷിയുള്ളവരുടെ പേപ്പറുകൾ കണക്കിലെടുക്കുന്നതിന് വികാരി അച്ചന്റെ കത്ത് നിർബന്ധമാണ്. കത്തുമായി വന്ന് അത്തരം പ്രശ്നങ്ങൾ പരിഹരിക്കണം.

സർട്ടിഫിക്കറ്റുകൾ ഫൊറോന കേന്ദ്രത്തിൽ മെയ് 26–ാം തീയതിയോടെ എത്തിക്കുന്നതാണ്.

ഏറ്റം സ്നേഹത്തോടെ,

ഡയറക്ടർ, മതബോധനകേന്ദ്രം

# DIPLOMA COURSE 2013-2015
# A+ HOLDERS
(250 ൽ 225 ഉം അതിലധികവും മാർക്ക്)

| Sl.No. | Reg. No. | Name | Parish |
|---|---|---|---|
| 1 | 0101005126 | PALATTY RAJU ANNMARY | Akaparambu |
| 2 | 0102005269 | PULLAN JOSE ANSA | Angamaly Basilica |
| 3 | 0115005616 | AREECKAL KUNJACHAN JESLINE | Vengoor |
| 4 | 0323006290 | MUTTETHAZATH JOHN DEEPAK | Thoppil |
| 5 | 0510007133 | KOONATHAN JOY JISMY | Malayattoor |
| 6 | 0510007135 | KOTTACKAL JAMES LISAT | Malayattoor |
| 7 | 0510007152 | PALISSERY THOMAS ANUMOL | Malayattoor |
| 8 | 0511007170 | KOZHIPPATTU ANTO ALEESHA | Mattoor St.Antony's |

| | | | |
|---|---|---|---|
| 9 | 0516007280 | KOLENCHERY JOLLY JIYA | Pothiakkara |
| 10 | 0606007597 | PYNADATH THOMMAN THOMAS ANNE MARIA | Karukutty F C |
| 11 | 0811008224 | PARAKKADATH JOSE SIMON MINNU | Mangalassery |
| 12 | 0823008533 | VELIYATHUPARAMBIL SHONY AKHILA | West Koratty |
| 13 | 1115009418 | THETTAYIL DAVIS DINI | Moozhikkulam F C |
| 14 | 1204009480 | POOCHATHALLY JOSE LIS | Pallipuram F C |
| 15 | 1209009538 | KIZHAKKEVALEZHATH CHACKO ANUPAMA | Thirunalloor |
| 16 | 1416010209 | NADUVILAVEETIL GILBERT LITHIYA | Poonithura |
| 17 | 1517010597 | MADAPPALLY THOMAS ELIZABETH | T.V Puram |
| 18 | 1517010600 | PUNNEAKATT JACOB JINI ELYZABATH | T.V Puram |

യൂണിറ്റുകളിൽ റിസൽട്ട് പരിശോധിക്കുമ്പോൾ ഇൻകംപ്ലീറ്റ് ആയി വന്നിരിക്കുന്നവർ മേൽപറഞ്ഞ ഏതു കാരണത്താലാണ് അങ്ങനെ വന്നത് എന്നു പരിശോധിക്കുകയും അത് അവരെ അറിയിക്കുകയും ചെയ്യുക. അത് പരിഹരിക്കപ്പെടുമ്പോൾ ബഹു വികാരി അച്ചന്റെ കത്തുമായി അതിരൂപതയിലെത്തി സർട്ടിഫിക്കറ്റ് വാങ്ങാവുന്നതാണ്. ഉദാഹരണമായി ഔട്ട് റീച്ച് പ്രോഗ്രാമിനു പോകാത്തകുട്ടി അടുത്തവർഷം മറ്റുകുട്ടികൾക്കൊപ്പം അതിനുപോയി റിപ്പോർട്ട് അവതരിപ്പിച്ച് കോഴ്സ് കംപ്ലീറ്റ് ചെയ്യണം.